പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:659 29.06.2011- ലെ മറുപടി

അങ്കമാലിയിലെ കെ.എസ്.ആർ.ടി.സി ബസ്സ് ടെർമിനൽ

ചോദ്യം ഉത്തരം

ശ്രീ. ജോസ് തെറ്റയിൽ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | അങ്കമാലിയിൽ കെ.റ്റി.ഡി.എഫ്.സി, ബി.ഒ.ടി അടിസ്ഥാനത്തിൽ പൈലറ്റ് പ്രോജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ- കം- കോംപ്ലക്സിലേക്ക് ബസുകൾ കയറുകയും ഇറങ്ങുകയും ചെയ്യുമ്പോൾ നാഷണൽ ഹൈവേയിൽ നേരിടുന്ന ഗതാഗതകുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇതിനായി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന്റെ വടക്കുവശം പ്രവേശന കവാടത്തിനായി അക്വയർ ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ അക്വിസിഷൻ നടപടികളുടെ സ്ഥിതി വ്യക്തമാക്കുമോ; ഇതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്; അക്വിസിഷൻ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി കെ.ടി.ഡി.എഫ്.സി യുമായി ചേർന്ന് ബി.ഒ.ടി അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ വടക്കുവശം പ്രവേശന കവാടത്തിനായി 3.83 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിനായി 1.33 കോടി രൂപ സർക്കാർ അനുവദിക്കുകയും ടി തുക സ്പെഷ്യൽ തഹസിൽദാർ (എൽ.എ) എൻ.എച്ച്. നമ്പർ: 2 ആലുവ പേർക്ക് ചെക്ക് നമ്പർ 009413 തീയതി:06.04.2011 ആയി കൈമാറിയിട്ടുണ്ട്. അക്വിസിഷൻ നടപടികൾ തീർത്ത് സ്ഥലം കെ.എസ്.ആർ.ടി.സിക്ക് കൈമാറിയിട്ടില്ല. അടിയന്തിരഘട്ടത്തിൽ ഉൾപ്പെടുത്തി 3.83 ആർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ